Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽ സൂചിപ്പിച്ച വിധമുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ ; ആയത് പ്രയോജനപ്രദമാണെന്ന് ബോധ്യമുണ്ടോ ;

(സി) ഇതിനായി പ്രത്യേക വിഭാഗത്തെ സജ്ജമാക്കി അന്വേഷണം ഊർജ്ജിതപ്പെടുത്തുവാൻ തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ-സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം സെക്ഷൻ 19 പ്രകാരം നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനായി സബ് ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത പോലീസുദ്യോഗസ്ഥന് ഏതെങ്കിലും പരിസരത്ത് പ്രവേശിക്കുകയും പരിശോധന നടത്തുകയും ചെയ്യാവുന്നതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ എന്തെങ്കിലും പ്രവർത്തനത്തിന് ഉപയോഗിച്ചതോ ഉപയോഗിച്ചതായി കരുതപ്പെടാവുന്നതോ ആയ ഏതെങ്കിലും യാനമോ വാഹനമോ മറ്റ് വാഹനസൗകര്യമോ യന്ത്രോപകരണങ്ങളോ പിടിച്ചെടുക്കാവുന്നതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് 48 മണിക്കൂറുകൾക്കകം ജില്ലാ കളക്ടർക്ക് നൽകേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ നിയമം പ്രയോജനപ്രദമാണ്. ഇതനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

### പോലീസ് സഹകരണ സംഘം തെരഞ്ഞെടുപ്പ്

**290 (1928)** <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ കേരളാ പോലീസ് സഹകരണ സംഘം തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) വോട്ടർപട്ടികയിൽ ക്രമക്കേടുനടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) പരാതി ലഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

### ഹോം ഗാർഡുകൾക്ക് ആനുകൂല്യങ്ങൾ

**291 (1929)** <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ട്രാഫിക് ഡ്യൂട്ടികളിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന ഹോംഗാർഡുമാർക്ക് ദിവസവേതനത്തിന് പുറമെ മറ്റൊരാനുകൂല്യവും ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;